പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 423

21.10.2016-ൽ
മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.പി.ഉബൈദുള്ള<br>ഡോ.എം.കെ.മുനീർ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;<br><br>ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് നിർത്തലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | എ) & ബി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 2015-16 ലെ കേന്ദ്ര ബഡ്ജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേണിൽ മാറ്റം വരുത്തുകയും ചില കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷൻ (ജെ.എൻ.എൻ.യു.ആർ.എം), ചെറുതും ഇടത്തരവുമായ നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.റ്റി), എന്നിവയുടെ ഒന്നാം ഘട്ടത്തിന്റെ കാലാവധി 30.03.2014-ന് അവസാനിച്ചു. ഈ പദ്ധതികളുടെ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികളുടെ കാലാവധി 31.03.2017-ന് അവസാനിക്കുന്നതാണ്. ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷന്റെ കീഴിലുള്ള ഐ.എച്ച്.എസ്.ഡി (Integrated Housing and Slum Development) പദ്ധതി, രാജീവ് ആവാസ് യോജന (ആർ.എ.വൈ), എസ്.എം.ബി.എസ്.യു.പി (Sub Mission |

on Basic Services to Urban Poor) എന്നീ പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ നടപ്പിലാക്കിയിരുന്ന പിന്നോക്കമേഖല വികസന നിധി (ബി.ആർ.ജി.എഫ്) പദ്ധതി 2015-16 വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 1997-98 മുതൽ നടപ്പിലാക്കി വന്ന നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയായ സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്ജെഎസ് ആർവൈ) 31/3/2013 ൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. ആയതിനു പകരം National Urban Livelihood Mission (NULM) എന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ട്.

രാജീവ് ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ) പദ്ധതിയിൽ നിന്നും 2015-16 ൽ കേന്ദ്ര സർക്കാർ പിൻവാങ്ങുന്നതായി (ഡി-ലിങ്ക്) ചെയ്യുന്നതായി അറിയിച്ചിരുന്നു. എന്നാൽ 2016-17 ൽ പ്രസ്തുത പദ്ധതി രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ) എന്ന പേരിൽ പുനരാവിഷ്കരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. പുതിയ പദ്ധതിയുടെ മാർഗ്ഗരേഖ ഇതുവരെയും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 2016-17 ൽ 2352.47 ലക്ഷം രൂപയുടെ വാർഷിക പദ്ധതി കേരളത്തിനായി അംഗീകരിക്കുകയും അത് സംസ്ഥാനത്ത് നടപ്പിലാക്കി കൊണ്ടിരിക്കുകയുമാണ്. National Urban Information System (NUIS) പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാംഘട്ടം തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. Providing Urban Amenities in Rural Areas (PURA)

പദ്ധതി പൂർത്തിയായിട്ടുണ്ട്. 2005-06 ൽ യു.ഐ.ഡി.എസ്.എസ്.എം.ടി എന്ന കേന്ദ്ര പദ്ധതി നിലവിൽ വന്നപ്പോൾ ഈ പദ്ധതി നിർത്തലായി.

| | | | |
|---|---|---|---|
| സി) | ഇതു പരിഹരിക്കാനായി ധനകാര്യ കമ്മീഷൻ സഹായവിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള പണം വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | സി) | പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന് ആവശ്യമുള്ള പക്ഷം 50:50 കേന്ദ്ര സംസ്ഥാന വിഹിതാനുപാതത്തിൽ നടപ്പിലാക്കാവുന്നതാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ